LIBRARY ARCHIVES Kerala Legislative Assembly

പീരുമേട് ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിന് അനുവദിച്ച ലാപ്ടോപ്പുകൾ

222(5025) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിന് 21-1-2014-ൽ 5 ലാപ് ടോപ്പുകൾ അടിയന്തരമായി നല്കുവാൻ വകുപ്പുമന്ത്രി ഉത്തരവ് നല്കിയത് പ്രകാരം പ്രസ്തുത സ്കൂളിന് ലാപ് ടോപ്പ് നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തീയതിയിലാണ് നൽകിയതെന്ന് വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ ഉത്തരവ് നടപ്പാക്കിയില്ലെങ്കിൽ ആയതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്ക് എതിരെ ശിക്ഷാനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പീരുമേട് മോഡൽ റസിഡൻഷ്യൽ സ്കൂളിനായി 40 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 13,50,970 രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

തൊഴിൽ തേടി വിദേശത്തുപോകുന്ന പട്ടികജാതിക്കാർക്ക് ധനസഹായം

223 (5026) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽതേടി വിദേശത്തുപോകുവാൻ ആഗ്രഹിക്കുന്ന പട്ടികജാതിക്കാർക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ ; എങ്കിൽ എത്ര രൂപവരെ ധനസഹായമായി അനുവദിയ്ക്കുന്നുണ്ട് ;

(ബി) പ്രസ്തുത ധനസഹായത്തിന്റെ മാനദണ്ഡങ്ങളും തിരിച്ചടവും എപ്രകാരമാണെന്നും ഏത് ഏജൻസിയാണ് സഹായം അനുവദിയ്ക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര പേർക്ക് പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അഭ്യസ്ത വിദ്യരും, തൊഴിൽ രഹിതരുമായ പട്ടികജാതി യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന്റെ ചെലവുകൾ നേരിടുന്നതിലേയ്ക്കായി 50,000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി 2013-14 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു.

1. വിദേശത്ത് തൊഴിൽ ചെയ്യാൻ താൽപ്പര്യമുള്ള പട്ടികജാതി യുവതി യുവാക്കൾക്കായിരിക്കണം.

2. വൈദഗ്ധ്യ ജോലിക്ക് (skill labour) പോകുന്നവർ അവർക്ക് ലഭിച്ചിട്ടുള്ളതും കൈവശമുള്ളതുമായ സർട്ടിഫിക്കറ്റുകൾ അംഗീകൃത ബോർഡ് യൂണിവേഴ്സിറ്റി, സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ളവ ആയിരിക്കണം.

3. അപേക്ഷകർ ഇന്ത്യൻ പാസ്പോർട്ട് ലഭിച്ചിട്ടുള്ളവരായിരിക്കണം.

4. വിദേശ തൊഴിൽ ദാതാവിൽനിന്നും ലഭിച്ചിട്ടുള്ള തൊഴിൽ, കരാർ പത്രം, വിസ എന്നിവ ലഭിച്ചിരിക്കണം.

5. അംഗീകൃത ഏജൻസികൾ വഴി തൊഴിൽ കരാറും വിസയും ലഭ്യമാക്കണം.

6. എമിഗ്രേഷൻ ആവശ്യമുള്ളപക്ഷം ആയത് നേടുന്നതിന് നടപടി സ്വീകരിച്ചിരിക്കണം.

7. അവിദഗ്ദ തൊഴിൽ അവസരം തേടുന്നവരെയും പരിഗണിക്കും.

8. വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ താഴെയുള്ളവരെ ഈ പദ്ധതി പ്രകാരം പരിഗണിക്കും.

9. ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് ഒരു പ്രാവശ്യം മാത്രമേ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

10. അപേക്ഷകർ 20-നും 45-നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

11. ഗുണഭോക്താക്കൾ നിയമാനുസൃതമായ പാസ്പോർട്ടിന്റെയും വിസയുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം അപേക്ഷിച്ചാൽ ടിക്കറ്റ് ചാർജ് ഉൾപ്പെടെ 60 ശതമാനം മുൻകൂറായി നൽകുന്നതാണ്. ODEPEC വഴി ടിക്കറ്റ് എടുക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. ODEPEC മുഖേന അല്ലാതെ യാത്ര പോകുന്നവർ പ്രസ്തുത സഹായം ലഭിക്കുന്നതിന് അവർ യാത്ര പോകുന്ന തീയതി/ആഴ്ചയിൽ, ആ യാത്രാ നിരക്ക് ODEPEC-ന്റെ യാത്രാനിരക്കിന് സമാനമാണെന്നതിന് തെളിവ് നൽകേണ്ടതാണ്.

12. തൊഴിൽ കരാർ പ്രകാരം ഗുണഭോക്താവ് ജോലിയിൽ പ്രവേശിച്ചുവെന്നത് സംബന്ധിച്ച രേഖ തൊഴിൽ ദാതാവ് ലഭ്യമാക്കുന്ന മുറയ്ക്ക് ധനസഹായത്തിന്റെ ബാക്കി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതായിരിക്കും.അർഹതയുള്ള ഗുണഭോക്താവിന് ലഭ്യമാകുന്ന തുക ഗ്രാന്റായി നൽകുന്നതിനാൽ ആയത് തിരിച്ചടയ്ക്കേണ്ടതില്ല. ഈ പദ്ധതി പട്ടികജാതി വികസന വകുപ്പ് നേരിട്ടാണ് ഗുണഭോക്താക്കളെ കണ്ടെത്തി നടപ്പിലാക്കുന്നത്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം 201 ഗുണഭോക്താക്കൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

ആയുർധാര പഞ്ചകർമ്മ സെന്ററിന്റെ പ്രവർത്തനങ്ങൾ

224 (5027) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ പേരൂർക്കടയിൽ സ്ഥാപിച്ച ആയുർധാര പഞ്ചകർമ്മ സെന്ററിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെ കീഴിലുള്ള തൃശ്ശൂർ അഞ്ചേരിയിലെ ആയുർധാര ഫാർമസ്യൂട്ടിക്കൽസിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും ഈ സ്ഥാപനത്തെ പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(സി) അഞ്ചേരിയിലെ ആയുർധാര ഫാർമസ്യൂട്ടിക്കൽസിൽ ഉത്പാദനം പുനരാരംഭിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുവാനും അവരുടെ കുടിശ്ശിക ശമ്പളം ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly